# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2598/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/02/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2598/22 തീയ്യതി: 07/02/2023

## കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 28-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 28-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി പി.ആർ, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാന്റി ജോർജ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.രാജേഷ് എം ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ് മാത്യു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ് ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അശ്വിനി എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജോയ്സി ജോൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ഷാജു സെബാസ്ററ്യൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 08-02-2022 |
| ഡോ. രശ്മി പി ശശി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 09-02-2022 | 31-03-2022 |
| ഡോ. സീനിയ പി കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ബിജു കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രേസി വി ബെഞ്ചമിൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ | 01-04-2021 | 19-12-2021 |
| ശ്രീമതി അജിതാമോൾ എം.കെ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ | 20-12-2021 | 31-03-2022 |
| ശ്രീമതി ജ്യോതി എസ് കുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അന്ന കുമാരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേരിക്കുട്ടി ജോസഫ് | വി ഇ ഒ | 01-04-2021 | 30-09-2021 |
| ശ്രീമതി ഷാൽബി ജോസഫ് | വി ഇ ഒ | 01-10-2021 | 04-11-2021 |
| ശ്രീമതി ദീപ ജോർജ് | വി ഇ ഒ | 05-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സുർക്കി ടി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2021 | 12-04-2021 |
| ശ്രീമതി ദയ പുരുഷോത്തമൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 13-04-2021 | 30-11-2021 |
| ശ്രീ. വിപിൻ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു. | 1-11 |
| 12 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം. | 1-12 |
| 13 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 14 | മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കാത്തത് - സംബന്ധിച്ച് | 1-15 |
| 16 | എഫ്.ടി.ഇ ആ**ൻ**ഡ് ഓ.എസ് ലൈസെ**ൻ**സ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരി**ൽ** നിന്നും തൊഴി**ൽ** നികുതി ഡിമാ**ൻ**ഡ് ചെയ്ത് ഈടാക്കുന്നില്ല | 1-16 |
| 17 | പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു | 1-17 |
| 18 | ലൈസ**ൻ**സ് ഫീസ് കുറവായി ഈടാക്കി | 1-18 |
| 19 | ലൈവ് സ്റ്റോക്ക് ഫാമുക**ൾ** ലൈസ**ൻ**സില്ലാതെ പ്രവ**ർ**ത്തിക്കുന്നു | 1-19 |
| 20 | പാരാമെഡിക്ക**ൽ** സ്ഥാപനങ്ങ**ൾ** രജിസ്ട്രേഷ**ൻ** ഇല്ലാതെ പ്രവ**ർ**ത്തിക്കുന്നു | 1-20 |
| 21 | പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അപാകതകൾ | 1-22 |
| 23 | മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് കരാറുകാരന് 3128/- രൂപ അധികം നല്കി | 1-23 |
| 24 | തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് | 1-24 |

| | | |
|---|---|---|
| 25 | കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം - മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക നിരക്ക് നൽകി | 1-25 |
| 26 | കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബില്ല് പ്രകാരമുള്ള തുക നല്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു | 1-26 |
| 27 | കോൺഫറൻസ് ഹാൾ നവീകരണം മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-27 |
| 28 | പയ്യാനിത്തോട്ടം കുടിവെള്ള പദ്ധതി കരാറുകാരന് അധിക നിരക്ക് നല്കി | 1-28 |
| 29 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നവീകരണം - നിർവ്വഹണത്തിൽ അപാകം | 1-29 |
| 30 | മുതുകോരമല ടേക്ക് എ ബ്രേക്ക് കെട്ടിടം-ഫലപ്രാപ്തിയിലെത്തിയില്ല | 1-30 |
| 31 | കാലി ബാരലിന്റെ വില ഈടാക്കിയില്ല | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി- രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചു. | 1-32 |
| 33 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-33 |
| 34 | ലൈഫ് ഭവന പദ്ധതി (ST)- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-34 |
| 35 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-35 |
| 36 | മെഡിക്കൽ ഓഫീസർ (അലോപ്പതി)വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് കരാറുകാരന് 3128/- രൂപ അധികം നല്കി | 3-1 |
| 2 | തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് | 3-2 |
| 3 | കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം - മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക നിരക്ക് നൽകി | 3-3 |
| 4 | കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബില്ല് പ്രകാരമുള്ള തുക നല്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു | 3-4 |
| 5 | കോൺഫറൻസ് ഹാൾ നവീകരണം മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-5 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.02.2021 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 23.03.2022 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 2891935 | 8342535 |
| വരവ് | 94966906 | 72153781 |
| ആകെ | 97858841 | 80496316 |
| ചെലവ് | 94250906 | 71005657 |
| നീക്കിയിരിപ്പ് | 3607935 | 9490659 |

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്ക് പഞ്ചായത്തിലെ അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

2) വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിൽ നിന്നും 40000 രൂപയുടെ ചെലവ് നടത്തിയത്, 400000 രൂപയുടെ ചെലവായാണ് സാംഖ്യയിൽ അക്കൗണ്ട് ചെയ്തത്. ആയതിനാൽ 31.3.2022 ലെ ബാലൻസ് ഷീറ്റിൽ 320300199 എന്ന ശീർഷകത്തിൽ ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിലെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകയിൽ 360000 രൂപയുടെ കുറവുണ്ട്.

4) വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം രേഖപ്പെടുത്തുന്ന എ. സി. ആർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8342535 |
| ഓഡിറ്റ് വർഷത്തെ വരവ് | 72153781 |
| ആകെ | 80496316 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71005657 |
| നീക്കിയിരിപ്പ് | 9490659 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,29,517 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,51,500 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18326000 | 18326000 | 18309928 | 16072 | 99.91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1951000 | 1951000 | 1865334 | 85666 | 95.6 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 539000 | 539000 | 539000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10814000 | 10814000 | 9763643 | 1050357 | 90.28 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5348921 | 5348921 | 4377312 | 971609 | 81.83 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 3825437 | 3825437 | 3589563 | 235874 | 93.83 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 7010944 | 7010944 | 6093942 | 917002 | 86.92 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 4845 | 20116427 | 20121272 | 20119916 | 1356 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 478557 | 564625 | 1043182 | 279703 | 763479 | 26.81 |
| ശുചിത്വമിഷൻ ഗ്രാന്റ് | 770388 | 560000 | 1330388 | 1328232 | 2156 | 99.83 |

ജി.ഒ(ആർ.റ്റി).2617/22/ഫിൻ/31.3.2022 പ്രകാരം വികസന ഫണ്ട് എസ്.സി.പി യിൽ 38616 രൂപയും, റ്റി.എസ്.പി യിൽ 221 രൂപയും, മെയിന്റനൻസ് ഫണ്ട് റോഡ് വിഭാത്തിൽ 1055 രൂപയും, മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ 31949 രൂപയും അലോട്ട്മെന്റ് ലഭിച്ചിരുന്നത് ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1682466/- രൂപ, 29334/-രൂപ വീതം കുറവ് ചെയ്തതിനശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയത് ജി.ഒ പ്രോജക്ട് ആയി വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി വ്യത്യാസങ്ങൾ

നിലനിൽക്കെയാണ് അനുബന്ധം 2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 243/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 381333 | വികസനഫണ്ട് പൊതുവിഭാഗം |
| 255/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 381333 | വികസനഫണ്ട് പൊതുവിഭാഗം |
| 242/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| 244/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| 256/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1682466 | |
| 245/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 14667 | എസ്.സി.പി. |
| 254/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 14667 | എസ്.സി.പി. |
| ആകെ | 29334 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 38921 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 14.01.2021ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 19.01.2021 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 19.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 02.02.2021 മുതൽ 10.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 16.02.2021ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 27.07.2021 ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 08.01.2022 മുതൽ 12.01.2022 വരെയുള്ള തീയതികളിലെ ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

വികലാംഗ ഗ്രാമസഭ, സ്ത്രീകളുടെയും കുട്ടികളുടെയും ഗ്രാമസഭ, വയോജന ഗ്രാമസഭ എന്നിവ 30.01.2021ലും ഊരുകൂട്ടം 26.01.2021 മുതൽ 03.02.2021 വരെയുള്ള തീയതികളിലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 17.02.2021ലെ 2(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 211 | 73224492 | 194 | 54909129 | 17 | 91.94 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1263389 | 7 | 974945 |
| വെറ്ററിനറി സർജൻ | 6 | 4804000 | 6 | 3929000 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 10 | 4244119 | 10 | 4230219 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 350000 | 1 | 350000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 150000 | 1 | 150000 |
| വി.ഇ.ഒ | 18 | 19168649 | 16 | 10482308 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 4549620 | 12 | 4351795 |
| സെക്രട്ടറി | 32 | 7595528 | 30 | 6485808 |
| അസിസ്റ്റന്റ് എൻജിനീയർ | 116 | 29112187 | 104 | 22331154 |
| എച്ച്. എം, ഗവ. എൽ.പി. സ്കൂൾ | 1 | 70000 | 1 | 70000 |
| ഡയറി ഫാം ഇൻസ്പക്ടർ | 3 | 1662000 | 3 | 1362000 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 255000 | 3 | 191900 |
| ആകെ | 211 | 73224492 | 194 | 54909129 |

<u>2123704 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 2123704/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 18326000 | 18309928 | 16072 |
| വികസന ഫണ്ട് (എസ്.സി.പി) | 1951000 | 1865334 | 85666 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10814000 | 9763643 | 1050357 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5348921 | 4377312 | 971609 |
| ആകെ | | | 2123704 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 21 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ വിഭാഗങ്ങളിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- നിക്ഷേപ പ്രവൃത്തികൾ-മുൻ വർഷങ്ങളിലേതുൾപ്പെടെ 29 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 2976915/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1079000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1897915/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 222 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 191 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 191 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 156 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 196.19 ലക്ഷം രൂപ. 49713 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 273 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 157 അയൽക്കൂട്ടങ്ങളിൽ 157 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 927 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, പടുതാക്കുളം, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ്

കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 4845 | 497071 | 501916 | 500560 | 1356 |
| ഇ.എഫ്.എം.എസ് | 0 | 19619356 | 19619356 | 19619356 | 0 |
| | 4845 | 20116427 | 20121272 | 20119916 | 1356 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 38760 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 3323200 | 215 |
| വിധവാ പെൻഷൻ | 9811600 | 647 |
| വാർദ്ധക്യകാല പെൻഷൻ | 21568600 | 1434 |
| വികലാംഗ പെൻഷൻ | 3980200 | 261 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 860800 | 60 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2022 തീയതിയിൽ 3.30 പി എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6293/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.03.2022 വരെ സാംഖ്യ സോഫ്റ്റ്‌വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.04.2022 മുതൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയുടെ ധനസഹായം അനുവദിക്കുന്നത് അവശ്യം വേണ്ട രേഖകൾ തയ്യാറാക്കാതെയാണ് എന്ന് കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2019 – 14.03.2019 | 2013-14മുതൽ 2017-18വരെ | LBA(HQ)II/I /8A-211 /18-19/18 തീയതി: 10.04.19 |
| പെർഫോർമൻസ് ഓഡിറ്റ് | 25.10.22-26.10.22 | 2021-22 | ലഭിച്ചിട്ടില്ല |

## 1-11 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 3/187 | പ്രസിഡന്റ് മഹിളാ സമാജം പെരിങ്ങുളം | 51.3 |
| 2 | 3/188 | പ്രസിഡന്റ് മഹിളാ സമാജം പെരിങ്ങുളം | 27.84 |
| 3 | 8/145 | വാട്ടർ അതോറിറ്റി | 28 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/26.12.2022) മറുപടിയായി മേൽ കെട്ടിടങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം.

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി

വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച. മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (50 രൂപ/ ച.മി) | | | | നിർണ്ണയിച്ച അടിസ്ഥാന നികുതി (30 രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം- 20%) | കുറവ് | ആകെ | | |
| വർക്കി വർക്കി വാണിയപ്പുരയ്ക്കൽ | 1/174A മുതൽ 1/174 F വരെ | 158 ച.മീ | 7900 | 1580 (വഴി സൗകര്യം-20%) | - | 9480 | 5581 | 3899 |
| ജിമ്മി സ്കറിയ ഇലഞ്ഞിമറ്റത്തിൽ | 13/402C മുതൽ 13/402S വരെ | 408.46 ച.മീ | 20423 | 4085 | - | 24508 | 15723 | 8785 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/26.12.2022) അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത കെട്ടിടങ്ങൾ ഉൾപ്പെടെ ഇതേ രീതിയിൽ നികുതി നിശ്ചയിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 14/244 A | രാധാകൃഷ്ണൻ നായർ | പൂഞ്ഞാർ-പാതാമ്പുഴ | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 2 | 14/262 A | ബീന ബെന്നി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 11/1 A | ഷെറിൻ ജേക്കബ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 14/53B | കെ പി ജോസ് | പൂഞ്ഞാർ - കടുപ്പാറ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 14/54A | ശോഭന ബാബു | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | 5/24A | ബിജ്ജു കെ കെ | പൂഞ്ഞാർ-കൈപ്പള്ളി | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 5/236A | ജോൺ കെ ആന്റണി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 18/26.12.2022) മറുപടിയായി ഫോം 6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനന്തര നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-14 മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറിന്റെ അർദ്ധവാർഷിക വസ്തു നികുതി ബാധകമായ വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം 1575/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് ഉൾപ്പെടെ 1654/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കേണ്ടിയിരുന്നത് തൻവർഷം ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ ന | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | 9/83 | എം.എസ് വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 9 ച.മീ. | 2021-22 | 1654*2= 3308/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/26.12.2022) വസ്തുനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | നെടുംപറമ്പിൽ ഗോൾഡ് ലോൺ | 1, 2 |
| 2 | എൽ ആൻഡ് ടി ഫിനാൻഷ്യൽ സർവീസസ് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 22/28.12.2022) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പല ഘട്ടങ്ങളായോ 60 ദിവസമെങ്കിലും ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | ഉടമ / സ്ഥാപനം | കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എൻ.കെ സെബാസ്റ്റിൻ ഋഷി ഹെറിറ്റേജ് വില്ലേജ് | 7/34 C,F,H | 5 |
| 2 | കൊച്ചുത്രേസ്യ ജോസഫ് അൽഫോൻസാ ഗ്യാസ് ഏജൻസി (ഗോഡൗൺ & ഓഫീസ്) | 13/337A | 6 |
| 3 | മോഹനൻ വി.വി ശക്തി ബ്രിക്സ് | 13/6 | 5 |
| 4 | ആരോമൽ ദിവാകരൻ | 1/661 | 6 |

| | | | |
|---|---|---|---|
| | വാലാനിക്കൽ ഫ്യൂവൽസ് | | |
| 5 | സോജൻ ആഗസ്തി കൊച്ചൂസ് സൂപ്പർ മാർക്കറ്റ് | 1/140D | 4 |
| 6 | സൂര്യ കൺസ്ട്രക്ഷൻസ് | 2/77 | 4 |

26.12.2022 ൽ നൽകിയ എൻക്വയറി നം.11 ന് മറുപടിയായി 2021-22 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു

1. കേവലം 153 സ്ഥാപനങ്ങൾ മാത്രമാണ് 2021-22 ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനും വ്യവസായാവശ്യത്തിനുമായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 843 ആണ്. ഇത് കണക്കിലെടുക്കുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസെടുക്കുന്നതായി കാണുന്നത്.

2. റേഷൻ കടകളെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. പുതുതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം ട്രേഡേഴ്സ് ലിസ്റ്റിൽ കൂട്ടിച്ചേർത്ത് സൂക്ഷിക്കുന്നത് ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-18 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ആയിരം രൂപയും ഒരു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയുമാണ് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ആയി 21-22 വർഷം കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം / ഉപയോഗത്തിന്റെ തരം | ഉടമ | കെട്ടിട നം. | മൂലധന നിക്ഷേപം | മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|---|
| 1 | മെട്രോ വുഡ് ഫാക്ടറി ഫർണിച്ചർ നിർമ്മാണം | മാനേജിങ് ഡയറക്ടർ | 4/33,34 | 3.48 കോടി | ഉത്പാദന മേഖല | 1000 | 5000 |

അപാകതകൾ സംബന്ധിച്ച് 26.12.2022 ൽ നൽകിയ എൻക്വയറി നം.10 ന് മറുപടിയായി മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് പുനർനിർണയിച്ച് അധിക തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ 2021-22 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | ഡെന്നിസ് കുര്യൻ | 1/420A | കോഴി വളർത്തൽ ഷെഡ് |
| 2 | സോമരാജൻ ആറ്റുവെളിയിൽ | 2/38A | കോഴി വളർത്തൽ ഷെഡ് |
| 3 | പാത്തുമ്മ വലിയവീട്ടിൽ | 4/70E | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | ജുബഷ് ടി കുര്യൻ | 4/82A | കോഴി വളർത്തൽ ഷെഡ് |
| 5 | സിബി എ.എൻ | 4/246A | കോഴി വളർത്തൽ ഷെഡ് |
| 6 | കെ.ടി കുട്ടപ്പൻ | 5/29A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 7 | ജോൺ കെ ആന്റണി | 5/236A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 8 | ബിജു മാത്യു | 5/241B | കോഴി വളർത്തൽ ഷെഡ് |
| 9 | പരമേശ്വരൻ നായർ | 6/30A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 10 | ജോർജ് തോമസ് | 6/325B | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 11 | ഫ്രഞ്ചു കുര്യൻ | 6/330B | കോഴി വളർത്തൽ ഷെഡ് |
| 12 | ചിന്നമ്മ ഡൊമിനിക് | 6/347A | കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിലെ ഫാമുകൾ 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.12.2022) മറുപടിയായി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997 ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതുപ്രകാരം കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | മെഡിവ ഡയഗ്നോസ്റ്റിക് സെന്റർ | ജിൻസി ജോസഫ് |
| 2 | ആർണിക്സ് ഹോമിയോപ്പതി | ഡോ. ജോസ് ഞരളക്കാട്ട് |
| 3 | ഹാപ്പി ഡെന്റൽ ക്ലിനിക് | ഡോ. ജിബിൻ സണ്ണി |
| 4 | ഋഷി ആയുർവേദ വില്ലേജ് (ആയുർവേദ ഹോസ്പിറ്റൽ) | സെബാസ്റ്റിൻ ഞരളക്കാട്ട് |
| 5 | അൽഫോൻസാ ഡെന്റൽ ലാബ് | - |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 13/26.12.2022) മറുപടിയായി മേൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന

പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

വായിക്കാൻ ആഗ്രഹിക്കുന്ന ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്ന വളരെ ഉപയോഗപ്രദമായ വേദിയാണ് ലൈബ്രറി. നമ്മുടെ അറിവ് വികസിപ്പിക്കുന്നതിനും ഇത് നമ്മെ സഹായിക്കുന്നു. എന്നാൽ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കുന്നില്ല. വായനക്കാർക്ക് ഇരുന്ന് വായിക്കുന്നതിനുള്ള സ്ഥലസൗകര്യമൊ ഫർണീച്ചറൊ ലൈബ്രറിയിലില്ല. വായനശാലയിലേയ്ക്ക് പഞ്ചായത്ത് വാങ്ങി നൽകിയ പത്രമാസികകൾ, പുസ്തകങ്ങൾ എന്നിവ വായനക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ഒരുക്കി വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലൈബ്രറിയിൽ ഇല്ല. 2021-22 വർഷം ലൈബ്രറി ഗ്രാന്റ് 14060/- രൂപ വിനിയോഗിച്ച് (വൗച്ചർ നം. 22100551/17.12.21, ചെക്ക് നം. 020831) വാങ്ങിയ പുസ്തകങ്ങൾ ശാസ്ത്രീയമായി ഒരുക്കി വയ്ക്കുന്നതിന് പകരം സൗകര്യങ്ങളുടെ അഭാവം മൂലം ഒരു മേശയിൽ അടുക്കി വച്ചിരിക്കുന്നതായി ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായി.

വായനക്കാർക്ക് ഇരുന്ന് വായിക്കാൻ പ്രത്യേക വായനാ മുറി തയ്യാറാക്കുക, ഡിജിറ്റൽ ലൈബ്രറി, ഇന്റർനെറ്റ് സൗകര്യം, എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ഫോട്ടോകോപ്പി/പ്രിന്റിംഗ് സൗകര്യം, പുതിയ പഠനോപകരണങ്ങൾ വായനശാലയിൽ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം, പൊതു വായന പുസ്തകങ്ങളുടെ ശേഖരം/മത്സര പരീക്ഷയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരം ഒരുക്കുക എന്നിങ്ങനെ വായനാശീലം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-22 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അപാകതകൾ

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 116 പ്രോജക്ടുകൾ (സ്പിൽ ഓവർ അടക്കം) ഏറ്റെടുക്കുകയും അതിൽ 104 എണ്ണം നിർവ്വഹണം നടത്തുകയും ചെയ്തു. 2.91 കോടി രൂപ വകയിരുത്തിയതിൽ 2.23 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞത് നേട്ടമാണ്. നിർവ്വഹണകാലയളവിൽ പുതിയതായി നിയമനം ലഭിച്ച ജീവനക്കാരായിരുന്നു ഉണ്ടായിരുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൊതുമരാമത്ത് മാന്വൽ 1601.1.2 പ്രകാരം നിർവ്വഹണചുമതലയുള്ള എഞ്ചിനീയർ സൈറ്റ് സാഹചര്യങ്ങൾ വിശദമായി പഠിച്ച ശേഷം തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്ക് അയക്കുകയും അംഗീകാരം നേടിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്. 2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റിംഗ് ഒഴികെയുള്ള മിക്ക പ്രോജക്ടുകളും നിർവ്വഹണ സമയത്ത് റിവൈസ് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും പൊതുമരാമത്ത് മാന്വൽ 1601.1.2 പ്രകാരം വിശദമായ പഠനത്തിന് ശേഷമല്ല എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്.

2) പൊതുമരാമത്ത് മാന്വൽ 1601.1.4 പ്രകാരം നിർവ്വഹണ സമയത്ത് എന്തെങ്കിലും ചെലവ് നടക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് ഇനങ്ങളിൽ മാറ്റം വന്നാൽ ആദ്യ എസ്റ്റിമേറ്റ് റദ്ദ് ചെയ്യുകയും റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങി തുടർ നടപടികൾ സ്വീകരിക്കുകയുമാണ് വേണ്ടത്. അണങ്ങുംപടി മുത്തനള്ള് കുടിവെള്ള പദ്ധതി എന്ന 210/22 പ്രോജക്ടിൽ 32 എം എം, 40എം എം , ജി ഐ പൈപ്പ് സ്ഥാപനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികളിലൂടെ കരാർ നല്കുകയും നിർവ്വഹണ സമയത്ത് ഇനം പൂർണ്ണമായി മാറ്റി 50 എം എം ,40 എം എം HDPE പൈപ്പ് സ്ഥാപിക്കുകയുമാണ് ചെയ്തത്. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്യുന്നതിന് പകരം റിവൈസ് ചെയ്തതിലൂടെ ടെണ്ടർ നടപടികളുടെ ഉദ്ദേശലക്ഷ്യങ്ങൾ അപ്രസക്തമായി.

3) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് ആണ് അംഗീകരിച്ചിട്ടുള്ളത്. ഡി എസ് ആറിൽ ഇല്ലാത്ത ഇനങ്ങൾക്ക്, ജില്ലാതലത്തിൽ അപ്രൂവ്ഡ് ഡേറ്റയും തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ രണ്ടിലും ഉൾപ്പെടാത്തവർക്ക് തദ്ദേശ സ്ഥാപന തലത്തിലും ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി വരുന്നു. എന്നാൽ പഞ്ചായത്തിൽ ഡി എസ് ആർ/അപ്രൂവ്ഡ് ഡേറ്റ ഉൾപ്പെട്ട ഇനങ്ങൾക്കും തദ്ദേശ സ്ഥാപന തലത്തിൽ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി തുക നല്കിയിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് ഖണ്ഡിക 1-25 കാണുക.

5) 2020-21 വർഷം DSR 2016 കോസ്റ്റ് ഇൻഡക്സ് 37.93 പ്രകാരം തയ്യാറാക്കിയ റോഡ് കോൺക്രീറ്റിംഗ് വേലകളിൽ 36% ടെണ്ടർ കുറവിൽ വരെ കരാറെടുത്തിട്ടുണ്ട് ( ഉദാ പ്രോജ. നം 8/22, ഇടമല-വണ്ടൻ പ്ലാവ് റോഡ് കോൺക്രീറ്റിംഗ്). യഥാർത്ഥ മത്സരം നടന്ന കോൺക്രീറ്റിംഗ് വേലകളിൽ 36% ടെണ്ടർ കുറവ് ലഭിച്ചത് പരിഗണിച്ച്, കോൺക്രീറ്റ് വേലകളിലെങ്കിലും സ.ഉ.(സാധാ)1778/2021 തസ്വഭവ തീയതി 16-9-2021 ഉത്തരവ് പ്രകാരമുള്ള ടെണ്ടർ വർദ്ധനവ് നല്കുന്നത് ഒഴിവാക്കാനുള്ള സാദ്ധ്യത പഞ്ചായത്ത് ഭരണസമിതി പരിഗണിച്ചതായി കാണുന്നില്ല.

6) 2017-18 ൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത അണങ്ങുംപടി കുടിവെള്ള പദ്ധതിക്ക് (31/21-22) ഡി എസ് ആർ 2016 നൊപ്പം 44.12% കോസ്റ്റ് ഇൻഡക്സ് നല്കിയാണ് റേറ്റ് നിശ്ചയിച്ചിരുന്നത്. ജി എസ് റ്റി ഉൾപ്പെടെയുള്ള നിരക്കായതിനാൽ എസ്റ്റിമേറ്റിൽ ജി എസ് റ്റി ക്ക് പ്രത്യേക തുക വകയിരുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് തുക നല്കുമ്പോൾ വേലമൂല്യത്തിനൊപ്പം 12% അധികം നല്കാൻ കഴിയില്ല, ഈ പ്രവൃത്തിക്ക് 2022-23 വർഷം ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 164356/- രൂപ ജി എസ് റ്റി വകയിരുത്തി നല്കിയിട്ടുണ്ട് (പ്രത്യേക ശ്രദ്ധക്ക്).

7) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സമയദീർഘീകരണത്തിന് അപേക്ഷിക്കുകയോ സപ്ളിമെന്ററി എഗ്രിമെന്റ് വക്കുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതായും കാണുന്നില്ല.

8) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI ൽ ഉള്ള 37235647731 നമ്പർ കറന്റ് അക്കൗണ്ടിൽ 03-12-22 തീയതിയിൽ 138744.00 രൂപ നീക്കിയിരിപ്പ് കാണുന്നു. ഇ-ടെണ്ടറിന്റെ ഫീസ് വരവ്, തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള റിക്കവറികൾ എന്നിവയാണ് അക്കൗണ്ടിലേക്കുള്ള വരവിനങ്ങൾ. കാഷ്ബുക്ക്/ബാങ്ക്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. കറന്റ് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കുന്നതിനാൽ റിക്കവറി ഇനത്തിൽ അടയ്ക്കേണ്ട തുകയിൽ നിന്നോ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസിൽ നിന്നോ ആണ് തുക ഈടാക്കപ്പെടുന്നത്. ഇ-ടെണ്ടർ ഫീസ് വരവുകൾ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റേണ്ടതും റിക്കവറി തുകകൾ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡുകളിൽ അടയ്ക്കേണ്ടതുമാണ്. അക്കൗണ്ടിലെ വരവ്/ചെലവ് വിവരം രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

9) എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ അംഗീകരിച്ച് കരാറിൽ ഒപ്പിട്ട ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുൻപ് ഇതേ ഇനങ്ങൾക്ക് കൂടിയ നിരക്ക് നല്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത സാഹചര്യവും ഉണ്ടായിട്ടുണ്ട് (ഖണ്ഡിക 1-29 കാണുക).

തുടർവർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് കരാറുകാരന് 3128/- രൂപ അധികം നല്കി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ചേരിമല-നെടുമ്പാറ റോഡ് സംരക്ഷണഭിത്തി, 64/22 |
| കരാറുകാരൻ | ബിനുജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ | 300000/-, മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 224519/- |
| ബിൽ നം /തീയതി | 19/29-10-2021 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 1 ആയി ചെയ്തിട്ടുള്ളത് 137.55 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1 ചതുരശ്ര മീറ്ററിന് ചെലവ്

| ഇനം | തുക |
|---|---|
| അടിസ്ഥാന നിരക്ക് | 274.83 |
| 25% ടെണ്ടർ കുറവ് | 68.70 |
| ആകെ | 203.13 |
| 12% ജി എസ് റ്റി | 24.37 |
| 1ഘനമീറ്ററിന് | 227.50 |

അധികച്ചെലവ്

| | |
|---|---|
| 137.55ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് നല്കിയ തുക@227.50 | 31292.62 |
| 10% കിഴിച്ച് 123.80 ഘന മീറ്ററിന് നല്കാവുന്ന തുക @ 227.50 | 28164.50 |
| അധികം നല്കിയത് | 3128.12 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/27-12-2022) മറുപടി നല്കിയിട്ടില്ല. ഡൽഹി ഷെഡ്യൂൾ ഓഫ് സ്പെസിഫിക്കേഷൻ 2009, 1-27-1-2 പാലിക്കാത്തതു മൂലം അധികം നല്കിയ 3128/- രൂപ ഉത്തരവാദികളായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-24 തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | മുക്കുഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം, 221/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്), 301000/- |
| ചെലവ് | 299269/- |

| | |
|---|---|
| ബിൽ നം /തീയതി | 87/31-3-22 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇനം 2 ആയി ചെയ്തിട്ടുള്ളത് 176.976 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറപ്പായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അപാകത അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1 ചതുരശ്ര മീറ്ററിന് ചെലവ്

| ഇനം | തുക |
|---|---|
| അടിസ്ഥാന നിരക്ക് | 429.31 |
| 9.5% ടെണ്ടർ എക്സസ് | 40.78 |
| ആകെ | 470.09 |
| 12% ജി എസ് റ്റി | 56.41 |
| 1ഘനമീറ്ററിന് | 526.50 |

അധികച്ചെലവ്

| | |
|---|---|
| 176.976 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറപ്പായ സ്ഥലത്തുള്ള മണ്ണ്ഫില്ലിംഗ് നല്കിയ തുക@526.50 | 93177.86 |
| 10% കിഴിച്ച് 159.28 ഘന മീറ്ററിന് നല്കാവുന്ന തുക @ 526.50 | 83860.92 |
| അധികം നല്കിയത് | 9316.94 |

ഈ പ്രവൃത്തിയുടെ ഡാറ്റാ പരിശോധിച്ചതിൽ വീതി കുറഞ്ഞ സ്ഥലങ്ങളിൽ ഫില്ലിംഗിന് ഉള്ള നിരക്കാണ് നല്കിയിട്ടുള്ളത് (In Trenches, Plinth, Sides Of Foundation Etc.). ഇതിന് അപ്രൂവ്ഡ് ഡാറ്റാ 50-2-25-1 പ്രകാരം ഘന മീറ്ററിന് 526.50 രൂപ നിരക്കിൽ 83860.92 രൂപ നല്കിയിട്ടുണ്ട് (ജി എസ് റ്റി ഉൾപ്പെടെ). അളവ്പുസ്തകം പരിശോധിച്ചതിൽ 27.2 മീ നീളം 4 മുതൽ 5.5 മീ വരെ വീതിയിൽ 0.8 മീ മുതൽ 1.9 മീ വരെ ഉയരത്തിലുള്ള ഉറപ്പായ സ്ഥലത്തെ ഫില്ലിംഗാണ് നടന്നിട്ടുള്ളത് ഇതിന് നല്കാവുന്നത് 50-2-26-1 പ്രകാരമുള്ള ഉറപ്പായ സ്ഥലത്തുള്ള മണ്ണ്ഫില്ലിംഗ് പ്രവൃത്തിക്കുള്ള നിരക്കാണ്. തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപ്രൂവ്ഡ് ഡാറ്റാ 50-2-25-1 പ്രകാരം ഘന മീറ്ററിന് 526.50രൂപ നിരക്കിൽ 159.28 ഘന മീ നല്കിയ തുക | 83860.92 |
| അപ്രൂവ്ഡ് ഡാറ്റാ 50-2-26-1 പ്രകാരം ഘന മീറ്ററിന് 274.83രൂപ നിരക്കിൽ 159.28 ഘന മീ നല്കാവുന്ന തുക (അടിസ്ഥാന നിരക്ക് 199.25x1.3793=274.83)+9.5% ടെണ്ടർ അധികം + 12% ജി എസ് റ്റി = (274.83+26.10=300.93+36.11=337.04 | 53683.73 |
| അധികച്ചെലവ് | 30177.19 |

അധിക അളവ് രേഖപ്പെടുത്തി 9317/- രൂപയും അധിക നിരക്ക് നല്കി 30177/- രൂപയും ഉൾപ്പെടെ 39494/- രൂപ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം

നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/23-12-2022) മറുപടിയായി സ്ഥലത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചാണ് കൂടിയ നിരക്ക് നല്കിയതെന്ന് അറിയിച്ചു. റോഡ് മണ്ണിട്ടുയർത്തുന്ന പ്രവൃത്തി ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ 9317/- രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 30177/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-25 കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം - മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം, 272/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | വികസനഫണ്ട് (പൊതു വിഭാഗം), 100000/- |
| ചെലവ് | 99236/- |
| ബിൽ നം /തീ | 87/31-3-22 |

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 1 ആയി ചെയ്തിട്ടുള്ളത് 94.35 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അപാകത നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുണ്ട്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 94.35 ഘന മീറ്ററിന് ബിൽ തയ്യാറാക്കി നല്കിയ തുക @ 580.75+12% ജി എസ് റ്റി=650.44 | 61362.40 |
| 10% കിഴിച്ച് 84.915 ഘന മീറ്ററിന് നല്കാവുന്ന തുക @ 580.75+12% ജി എസ് റ്റി=650.44 | 55232.10 |
| അധികം നല്കിയത് | 6130.20 |

മേൽ പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി 1 ഘനമീറ്ററിന് 650.44 രൂപ പ്രകാരം 84.915 ഘന മീറ്ററിന് 55232.10 രൂപ നല്കിയിട്ടുണ്ട് (ജി എസ് റ്റി ഉൾപ്പെടെ). ഡി എസ് ആർ 2018 പ്രകാരം മേൽ പ്രവൃത്തിക്ക് 50.2.26.1 ആയി അംഗീകൃത ഒബ്സർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്ക് ഉണ്ടായിരിക്കെ തദ്ദേശ സ്ഥാപനതലത്തിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കിയതു മൂലം അധിക നിരക്ക് നല്കിയിട്ടുള്ളതായി കാണുന്നു.

| വിശദാംശങ്ങൾ | ഡി എസ് ആർ -2018, 50.2.26.1 പ്രകാരം നല്കാവുന്ന തുക | തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റാ പ്രകാരം നല്കിയ നിരക്ക് (Od1728849/2021-22) |
|---|---|---|

| | | |
|---|---|---|
| അടിസ്ഥാന നിരക്ക് | 217.95 | - |
| 36.44 കോസ്റ്റ് ഇൻഡക്സ് | 79.42 | - |
| ആകെ | 297.37/ഘ മീ | 580.75/ഘ മീ |
| 0.01 ടെണ്ടർ കുറവ് | 0.029 | 0.058 |
| നിരക്ക് | 297.34 | 580.69 |
| 12% ജി എസ് റ്റി | 35.68 | 69.68 |
| ആകെ 1 ഘ മീ വരാവുന്ന ചെലവ് | 333.02 | 650.37 |
| 84.915 ഘ മീ വരാവുന്ന ചെലവ് | 28278.39 | 55226.16 |
| അധികച്ചെലവ് 55226.16-28278.39= 26947.77 രൂപ | | |

അധിക അളവ് രേഖപ്പെടുത്തി 6130.20 രൂപയും അധിക നിരക്ക് നല്കി 26947.77 രൂപയും ഉൾപ്പെടെ 33077.77 രൂപ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/23-12-2022) മറുപടിയായി വാഹനങ്ങൾ കയറാൻ ബുദ്ധിമുട്ടുള്ള സ്ഥലമായതിനാലാണ് അധിക നിരക്ക് ഉൾപ്പെടുത്തിയത് എന്ന് മറുപടി നല്കി. കൂടാതെ കടത്ത് കൂലിയായി കൂടുതൽ ചെലവ് വരും എന്നത് കൂടി പരിഗണിച്ചാണ് കൂടിയ നിരക്ക് നല്കിയതെന്ന് അറിയിച്ചു. എന്നാൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റായിൽ മാർക്കറ്റ് റേറ്റ് എന്ന നിലയിൽ 500/- രൂപയോടൊപ്പം CPOH നല്കുകയാണ് ചെയ്തിട്ടുള്ളത്. അപ്രൂവ്ഡ് ഡാറ്റാ നിലവിലുള്ളപ്പോൾ മാർക്കറ്റ് നിരക്ക് അനുവദനീയമല്ലാത്തതിനാലും മറുപടിയെ സാധൂകരിക്കുന്ന തെളിവുകൾ ഫയലിൽ ലഭ്യമല്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 6130/- രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 26948/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തി സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-26 കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബില്ല് പ്രകാരമുള്ള തുക നല്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

| | |
|---|---|
| പ്രോജക്ട് / പ്രോജക്ട് നമ്പർ | കുടമുരുട്ടി കുഴൽ കിണർ-പമ്പ്ഹൗസ് വാട്ടർടാങ്ക്, മോട്ടോർ അനുബന്ധസൗകര്യങ്ങൾ, 208/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )-300000/- |
| ചെലവ് | 299919/- |
| വൗച്ചർ നം /തീ | XVFC/2021-22/P/59 തീ30-3-2022 |

18-2-2022 ൽ 85684/21-22 നമ്പരായി സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ട് എസ്റ്റിമേറ്റ് ഇനം 22 പ്രകാരം ചെയ്യേണ്ടിയിരുന്നത് 2 HP സബ്മേഴ്സിബിൾ മോട്ടോർ കുഴൽ കിണറ്റിൽ സ്ഥാപിക്കുകയായിരുന്നു. തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കിയ ഡാറ്റാ പ്രകാരം മോട്ടോർ, കേബിൾ, കയർ, പാനൽ ബോർഡ് അടക്കം 17422.50 രൂപയാണ് വകയിരുത്തി അംഗീകാരം ലഭിച്ചിരുന്നത്. ഡി എസ് ആർ 2018 നിരക്കിനോടൊപ്പം 36.44% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയ നിരക്കിൽ നിന്നും 0.01% ടെണ്ടർ കുറവ് രേഖപ്പെടുത്തിയാണ് ബിനു ജോർജ് കരാറെടുത്തത് (കരാർ നം. 81/AE/LSGD/ 21-22തീയതി 3-3-22). പ്രവൃത്തികൾ 25-3-22ൽ പൂർത്തിയാക്കി 28-3-22ൽ ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടുണ്ട്.

കരാറുകാരൻ 30-3-2022 ൽ 25100/- രൂപയുടെ ബില്ല് ഹാജരാക്കിയതിനെ തുടർന്ന് (മോട്ടോർ, വയർ ഹോസ് ഹോൾഡർ) ഇതേ തീയതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആദ്യ എസ്റ്റിമേറ്റിലെ ഇനം 22 ഒഴിവാക്കി പുതുക്കിയ എസ്റ്റിമേറ്റിൽ ഇതേ പ്രവൃത്തി ലംപ് സം പ്രൊവിഷനായി ഉൾപ്പെടുത്തി 25000/- രൂപ വകയിരുത്തുകയും തുക കരാറുകാരന് നല്കുകയും ചെയ്തു. കരാർ പ്രകാരം ഏറ്റെടുത്ത എസ്റ്റിമേറ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടെന്നിരിക്കെ അധിക പ്രവൃത്തിക്കോ പുതിയ പ്രവൃത്തിക്കോ അല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് അധിക തുക നല്കിയതായി കാണുന്നു. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഹാരാക്കിയ ബില്ലിന് കരാറുകാരന് നല്കിയ തുക | കരാർ വ്യവസ്ഥ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ നല്കാവുന്ന തുക | അധികം നല്കിയത് |
|---|---|---|---|
| എസ്റ്റിമേറ്റിലെ തുക | 25000.00 | 17422.50 | 7577.50 |
| ജി എസ് റ്റി (12%) | 3000.00 | 2090.70 | 909.30 |
| ആകെ | 28000.00 | 19513.20 | 8486.80 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/23-12-2022) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 8487/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തി സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-27 കോൺഫറൻസ് ഹാൾ നവീകരണം മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം, 151/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | RGSA ഗ്രാന്റ് , 400000/- |
| ചെലവ് | 399897/- + (ടെണ്ടർ എക്സസ് 9.5%) |

| | |
|---|---|
| | ആകെ 437887/- |
| വൗച്ചർ നം /തീയതി | 22101054/31-3-22 |

ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണത്തിനായി KLGSDP ഗ്രാന്റ് 4 ലക്ഷം രൂപ വകയിരുത്തി ഡി എസ് ആർ 2016 നൊപ്പം 37.93% കോസ്റ്റ് ഇൻഡക്സ് നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയിരുന്നു. ഇതിൽ 2.5 ലക്ഷം രൂപ ലംപ് സം ആയി വകയിരുത്തിയിരുന്നത് 3 AC വാങ്ങുന്നതിനാണ്. 28-10-2021 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി 22-03-2022 ൽ പൂർത്തിയാക്കിയിട്ടുണ്ട്. നിർവ്വഹണ സമയത്ത് പല ഇനങ്ങൾക്കും കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബിൽ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. ഈ ഇനങ്ങൾക്ക് 25-3-22 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തു എങ്കിലും പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിലും ലംപ് സം പ്രൊവിഷൻ ആണ് നല്കിയത്. എസ്റ്റിമേറ്റിനേക്കാൾ 9.5% ഉയർന്ന നിരക്കിലാണ് ബിനു ജോർജ് കരാറെടുത്തത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ പ്രകാരം നല്കിയ തുകയുടെ വിവരം | |
|---|---|
| എക്സ്ട്രാ ഇനം ലാഡർ 1 എണ്ണം | 5231.00 |
| വാട്ടർ പ്യൂരിഫയർ 1 എണ്ണം | 16190.00 |
| 2 ടൺ AC 3 എണ്ണം 54600*3 | 163800.00 |
| സ്റ്റെബിലൈസർ 3 എണ്ണം | 8400.00 |
| ഇലക്ട്രിക്കൽ ഐറ്റംസ് | 6600.00 |
| ആകെ | 200221.00 |
| ടെണ്ടർ എക്സസ് 9.5% | 19021.00 |
| ആകെ | 219242.00 |
| ജി എസ് റ്റി 12% | 26309.00 |

2012 ലെ പൊതുമരാമത്ത് മാന്വൽ 1601.1.2 പ്രകാരം ലംപ് സം പ്രൊവിഷൻ കഴിയുന്നത്ര ചെറിയ ഇനങ്ങൾക്കായി പരിമിതപ്പെടുത്തേണ്ടതും ആയത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ 5% ൽ കൂടാൻ പാടില്ലാത്തതുമാണ്. കൂടാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വിശദാംശങ്ങൾ മുൻകൂട്ടിക്കാണാൻ കഴിയാത്തവയും പിന്നീട് ലഭ്യമാകും എന്നുള്ളവയും ലംപ് സം പ്രൊവിഷൻ വെക്കാമെങ്കിലും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ ഭാഗമാക്കണം. പ്രധാന പ്രവൃത്തി ചെയ്യുന്ന കരാറുകാരനെ തന്നെ വർക്കിംഗ് എസ്റ്റിമേറ്റിലെ പ്രവൃത്തി ഏൽപ്പിച്ചാൽ എസ്റ്റിമേറ്റിലെ അംഗീകരിച്ചനിരക്ക് കരാറുകാരന് നല്കണം. എക്സ്ട്രാ ഇനങ്ങൾക്ക് തയ്യാറാക്കിയ നിരക്കും നല്കണം. നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ആകെ അടങ്കലിന്റെ പകുതിയോളം ലംപ് സം പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങിയില്ല. പ്രവൃത്തി പൂർത്തിയായതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പൊതുമരാമത്ത് മാന്വൽ 1601.1.6 പ്രകാരം കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ആവശ്യമെന്ന് കണ്ടാൽ പ്രവൃത്തി പൂർത്തീകരണം വരെയോ, അഡ്വാൻസ്ഡ് സ്റ്റേജ് വരെയോ കാത്തിരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങണം.
- ലംപ് സം പ്രൊവിഷനിൽ ഉൾപ്പെട്ടത് ഇലക്ട്രിക്ക് പ്രവൃത്തി ആയതിനാൽ DLTC ഡി എസ് ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുകയും അവരുടെ സൂപ്പർവിഷനിൽ പ്രവൃത്തി നടത്തുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്.
- മാർക്കറ്റ് റേറ്റ്, ഡി എസ് ആർ റേറ്റ് + 10%, ക്വാട്ടഡ് റേറ്റ് ഏതാണോ കുറവ് ആയത് മാത്രമാണ് 16-9-21 ലെ 1778/2021 ത സ്വ ഭ വ ഉത്തരവ് പ്രകാരം നല്കാൻ കഴിയുക. കരാറുകാരൻ മാർക്കറ്റ്

റേറ്റിലുള്ള ബില്ല് ഹാജരാക്കിയതിനാലും, ഡി എസ് ആർ നിരക്ക് കണക്കിലെടുക്കാത്തതിനാലും, ഇനത്തിന് കരാറുകാരൻ നിരക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും 19021.00 രൂപ ടെണ്ടർ എക്സസ് നല്കിയത് അംഗീകരിക്കാൻ കഴിയില്ല.

- മേൽ പറഞ്ഞ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടി ക്രമം പാലിക്കാത്തതിനാലും വയറിംഗ് പ്രവൃത്തികൾ അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാലും ബില്ല് പ്രകാരമുള്ള ചെലവ് വാങ്ങലായി (പർച്ചേസ് ) മാത്രമേ കണക്കാക്കാൻ കഴിയൂ. ഇത്തരം വാങ്ങലുകളിൽ ജി എസ് റ്റി 12% കരാറുകാരന് കൂട്ടി നല്കാൻ കഴിയാത്തതിനാൽ 26309.00 രൂപ കരാറുകാരന് ജി എസ് റ്റി ഇനത്തിൽ നല്കിയത് അംഗീകരിക്കാൻ കഴിയില്ല.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/23-12-2022) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നല്കിയ 45330/- രൂപ (19021+26309) അളവ് രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തി അംഗീകാരം നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിലൂടെ പഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-28 പയ്യാനിത്തോട്ടം കുടിവെള്ള പദ്ധതി കരാറുകാരന് അധിക നിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | പയ്യാനിത്തോട്ടം-മങ്കുഴിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ, 208/22, 44/2023 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | ബ്ലോക്ക് വിഹിതം- 200000/-+ തനത് ഫണ്ട്- 5000 |
| ചെലവ് | 204504.00 |
| ബിൽ നം /തീ | 2021-22 ൽ പൂർത്തീകരിച്ചെങ്കിലും തുക നല്കിയത് 2022-23 ലാണ് |

18-2-2022 ൽ 85704/21-22 നമ്പരായി സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ട് എസ്റ്റിമേറ്റ് ഇനം 1 പ്രകാരം ചെയ്യേണ്ടിയിരുന്നത് 15 HP സബ്മേഴ്സിബിൾ മോട്ടോർ കിണറ്റിൽ സ്ഥാപിക്കുകയായിരുന്നു. തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കിയ ഡാറ്റാ പ്രകാരം മോട്ടോർ, കേബിൾ, കയർ, പാനൽ ബോർഡ് അടക്കം 105260.94 രൂപയാണ് വകയിരുത്തി അംഗീകാരം ലഭിച്ചിരുന്നത്. ഡി എസ് ആർ 2018 നിരക്കിനോടൊപ്പം 36.44% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയ നിരക്കിൽ നിന്നും 0.01% ടെണ്ടർ കുറവ് രേഖപ്പെടുത്തിയാണ് ബിനു ജോർജ് കരാറെടുത്തത്(കരാറ് നം 82/AE/LSGD/21-22തീ 3-3-22). പ്രവൃത്തികൾ 22-3-22 ൽ പൂർത്തിയാക്കി 30-3-22 ൽ ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടുണ്ട്.

കരാറുകാരൻ 30-3-2022 ൽ 150260.00 രൂപയുടെ ബില്ല് ഹാജരാക്കിയതിനെ തുടർന്ന് (മോട്ടോർ, വയർ, റോപ് ) ഇതേ തീയതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആദ്യ എസ്റ്റിമേറ്റിലെ ഇനം 1 ഒഴിവാക്കി പുതുക്കിയ എസ്റ്റിമേറ്റിൽ ഇതേ പ്രവൃത്തി ലംപ് സം പ്രൊവിഷനായി ഉൾപ്പെടുത്തി 150260.00 രൂപ വകയിരുത്തുകയും തുക കരാറുകാരന് നല്കുകയും ചെയ്തു. കരാർ പ്രകാരം ഏറ്റെടുത്ത എസ്റ്റിമേറ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് ബാധ്യത ഉണ്ടെന്നിരിക്കെ അധിക പ്രവൃത്തിക്കോ പുതിയ പ്രവൃത്തിക്കോ അല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് അധിക തുക നല്കിയതായി കാണുന്നു. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഹാരാക്കിയ ബില്ലിന് കരാറുകാരന് നല്കിയ തുക | കരാർ വ്യവസ്ഥ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ നല്കാവുന്ന തുക |
|---|---|---|
| എസ്റ്റിമേറ്റിലെ തുക | 150260.00 | 105260.94 |
| ടെണ്ടർ കുറവ് 0.01% | 15.026 | 10.526 |
| കിഴിച്ച് | 150244.974 | 105250.414 |
| ജി എസ് റ്റി (12%) | 18031.200 | 12630.049 |
| ആകെ | 168276.174 | 117880.463 |
| അധികം നല്കിയത് (168276.174-117880.463) | | 50395.711 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/26-12-2022) മറുപടി നല്കിയില്ല. 2021-22 വർഷം പൂർത്തിയായ പ്രോജക്ടിന് തുക നല്കിയത് 2022-23 സാമ്പത്തിക വർഷമാണ്. പഞ്ചായത്ത് ഭരണസമിതി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നവീകരണം - നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നവീകരണം, 178/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് , 490000/- |
| ചെലവ് | 489429/- |
| ചെക്ക് നം /തീയതി | 471949/-(020996/15-3-22)<br>17480/-(020997/15-3-22) |

1) ഇനം 5 ആയി ചെയ്തിട്ടുള്ളത് തദ്ദേശസ്ഥാപന തലത്തിൽ തയ്യാറാക്കിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റാ പ്രകാരമുള്ള China Pedestal Type Water Closet 2 എണ്ണം സ്ഥാപിക്കുകയാണ്. ഇതിന് ഒന്നിന് 13585.54 രൂപയും 12% ജി എസ് റ്റി (1630/-) യും അടക്കം 15215.54 രൂപ പ്രകാരം 2 എണ്ണത്തിന് 30431.08 രൂപ കരാറുകാരന് നല്കി. പഞ്ചായത്തുകൾക്ക് ബാധകമായ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് 17-3-1 പ്രകാരം ഇതേ സ്പെസിഫിക്കേഷനുള്ള സാധനത്തിന് നിരക്കുണ്ടായിരിക്കെ കൂടിയ നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി കരാറുകാരന് അധിക തുക നല്കി. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | നല്കാവുന്ന തുക (17-3-1) | നല്കിയ തുക (ഒബ്സേർവ്ഡ് ഡാറ്റാ) |
|---|---|---|
| അടിസ്ഥ നിരക്ക് (DSR) | 4593.75 | - |
| കോസ്റ്റ് ഇൻഡക്സ് 37.93% | 1742.41 | - |

| | | |
|---|---|---|
| ആകെ | 6336.16 | 13585.54 |
| ടെണ്ടർ കുറവ് 0.01% | 0.63 | 1.35 |
| കിഴിച്ച് | 6335.53 | 13584.19 |
| 12% ജി എസ് റ്റി | 760.26 | 1630.10 |
| ആകെ | 7095.79 | 15214.29 |
| 2 എണ്ണത്തിന് | 14191.58 | 30428.58 |
| ആകെ അധികം നല്കിയത് 16237/- രൂപ (30428.58-14191.58) | | |

2) ഇനം 7 ആയി ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ 5 മീറ്റർ കോൺക്രീറ്റ് ഡോർ ഫ്രയിം പരിശോധനയിൽ ബോധ്യപ്പെടുത്തുന്നതിന് സൂപ്പർവിഷൻ ചുമതലയുണ്ടായിരുന്ന ഓവർസിയർക്ക് കഴിഞ്ഞില്ല. ഇതിന് മീറ്ററിന് 546.55 രൂപ പ്രകാരം 2732.75 രൂപ ചെലവഴിച്ചിട്ടുണ്ട്.

3) എക്സ്ട്രാ ഇനം 8 ആയി ചെയ്തിട്ടുള്ളത് തദ്ദേശസ്ഥാപന തലത്തിൽ തയ്യാറാക്കിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റാ പ്രകാരമുള്ള വാട്ടർ ടാങ്ക് (1000ലി) 2 ലയർ 1 എണ്ണം സ്ഥാപിക്കുകയാണ്. ഇതിന് 15790.00 രൂപയും 12% ജി എസ് റ്റി (1894.8)യും അടക്കം 17684.8 രൂപ കരാറുകാരന് നല്കി. പഞ്ചായത്തുകൾക്ക് ബാധകമായ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് 18.48 പ്രകാരം ഉള്ള നിരക്കാണ് കുടിവെള്ള പദ്ധതികൾക്ക് 6000 ലി. വരെ ഉപയോഗിക്കുന്നത് എന്നിരിക്കെ കൂടിയ നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി കരാറുകാരന് അധിക തുക നല്കി. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | നല്കാവുന്ന തുക | നല്കിയ തുക |
|---|---|---|
| അടിസ്ഥ നിരക്ക് (DSR) | 7.25 | |
| കോസ്റ്റ് ഇൻഡക്സ് 37.93% | 2.74 | |
| ആകെ | 9.99 | 15.79/ലി |
| ടെണ്ടർ കുറവ് 0.01% | 0.0009 | 0.0015 |
| കിഴിച്ച് | 9.98 | 15.788 |
| 12% ജി എസ് റ്റി | 1.19 | 1.89 |
| ആകെ | 11.17 | 17.68 |
| 1000ലിറ്ററിന് | 11170 | 17680 |
| ആകെ അധികം നല്കിയത് 6510/- രൂപ (17680-11170) | | |

4) എക്സ്ട്രാ ഇനം 10 ആയി ചെയ്തിട്ടുള്ളത് തദ്ദേശസ്ഥാപന തലത്തിൽ തയ്യാറാക്കിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റാ പ്രകാരമുള്ള 90.416 ച.മീ. വാൾ ടൈൽ വിരിക്കലാണ്. ഇതിന് 145665.600 രൂപയും 12% ജി എസ് റ്റി യും അടക്കം 163121.31 രൂപ കരാറുകാരന് നല്കി. പഞ്ചായത്തുകൾക്ക് ബാധകമായ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് 11.36 പ്രകാരം നിരക്കുണ്ടായിരിക്കെ കൂടിയ നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി കരാറുകാരന് അധിക തുക നല്കി. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | DSR നല്കാവുന്ന തുക 11.36 പ്രകാരം നല്കാവുന്ന തുക കോസ്റ്റ് ഇൻഡക്സ് 37.93% | ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം നല്കിയ തുക കോസ്റ്റ് ഇൻഡക്സ് 37.93% |
|---|---|---|
| ആകെ ച. മീറ്ററിന് | 1027.30 | 1611.00 |
| ടെണ്ടർ കുറവ് | 0.1027 | 0.1611 |

| | | |
|---|---|---|
| 0.01% | | |
| കിഴിച്ച് | 1027.19 | 1610.83 |
| 12% ജി എസ് റ്റി | 123.26 | 193.29 |
| ആകെ 1 ച മീ | 1150.45 | 1804.12 |
| 90.416 ച മീ | 104019.08 | 163121.31 |
| ആകെ അധികം നല്കിയത് 59102.23/- രൂപ(163121.31-104019.08) | | |

5) അനുബന്ധം 2 ആയി ചെയ്തിട്ടുള്ളത് ബോർഡ് സ്ഥാപിച്ചതിന് 5000/- രൂപ കരാറുകാരന് നല്കുകയാണ് വിശദമായ എസ്റ്റിമേറ്റോ ചെലവ് തുകക്കുള്ള വൗച്ചറോ ഇല്ലാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

6) അനുബന്ധം 3 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 10000/- രൂപ കരാറുകാരൻ ഹാജരാക്കിയ 11468.50 രൂപ പരിമിതപ്പെടുത്തി നല്കിയിട്ടുണ്ട്. വയറിംഗിനാവശ്യമായ ഇനങ്ങളാണ് കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവൃത്തികൾ അളവ് രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/26.12.2022) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രനം | തുക | പരിഹാരനടപടി |
|---|---|---|
| 1 | 16237/- | എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്റിംഗ് ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. |
| 2 | 2733/- | അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. |
| 3 | 6510/- | എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ,വെറ്റിംഗ് ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. |
| 4 | 59102/- | എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ,വെറ്റിംഗ് ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. |
| 5 | 5000/- | സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് നഷ്ടം വന്നിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. ആയത് വരെ 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 6 | 10000/- | സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് നഷ്ടം വന്നിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. ആയത് വരെ 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |

## 1-30 മുതുകോരമല ടേക്ക് എ ബ്രേക്ക് കെട്ടിടം-ഫലപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | ടേക്ക് എ ബ്രേക്ക്, മുതുകോര ടൂറിസം മേഖലയിൽ വിശ്രമകേന്ദ്രവും<br>ശൗചാലയ സമുച്ചയ നിർമ്മാണവും, 241/21-22, |
| കരാറുകാരൻ | ബിനുജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2973304/-(1263304/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 1500000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 210000/- കേന്ദ്രാവിഷ്കൃതഫണ്ട്) |
| ചെലവ് | 1263304.00 (ബിൽ നം. 86/31-3-22, 2021-22)<br>210000/- (2022-23) |

പഞ്ചായത്ത് പരിധിയിലുള്ള മുതുകോരമലയിൽ ടൂറിസം സാദ്ധ്യതകൾ ഉള്ളതിനാൽ അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. 26-12-2022 തീയതിയിൽ പഞ്ചായത്ത് ഓവർസിയർ, വാർഡ് മെമ്പർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികപരിശോധന നടത്തി. പ്രധാന റോഡിൽ നിന്നും ഏകദേശം 3 കിലോമീറ്റർ ദൂരം ഉള്ളതിൽ ഏറിയ പങ്കും വാഹന ഗതാഗതം അസാദ്ധ്യമായ റോഡാണ്. പന്ത്രണ്ടിന പദ്ധതി മാർഗ്ഗരേഖ പ്രകാരം ദേശീയപാതകളും/പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളും കേന്ദ്രീകരിച്ചാണ് പ്രോജക്റ്റ് നടപ്പാക്കേണ്ടത്. സ്വകാര്യ വ്യക്തി പഞ്ചായത്തിന് വിട്ടു നല്കിയ സ്ഥലത്ത് ഏകദേശം 85 ച.മീ വരുന്ന ശുചിത്വ സമുച്ചയം സ്ട്രക്ചർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇനിയും ലക്ഷങ്ങൾ ചെലവഴിച്ച് മാത്രമേ കെട്ടിടം ഉപയോഗപ്രദമാക്കാൻ കഴിയുകയുള്ളൂ. പൊതു സ്ഥലങ്ങളിൽ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യചുമതലയാണെങ്കിലും യാത്രികർക്ക് എത്തിച്ചേരുന്നതിനുള്ള വഴിസൗകര്യം പോലും ഇല്ലാത്ത സ്ഥലത്ത് നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് കെട്ടിടം ജനോപകാര പ്രദമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വാർഡ് മെമ്പർ അറിയിച്ചതനുസരിച്ച് ടൂറിസം സാദ്ധ്യത പരിഗണിച്ചാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ശുചിത്വസമുച്ചയവും ടീ സ്റ്റാളും വരുമാനദായകമായാൽ മാത്രമേ മെയിന്റനൻസിനും ദൈനദിന ചെലവുകൾക്കും പണം കണ്ടെത്താൻ കഴിയൂ എന്നതിനാൽ പഞ്ചായത്ത് ചെലവഴിച്ച 1473304/- രൂപ നഷ്ടമാകാതിരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കാലി ബാരലിന്റെ വില ഈടാക്കിയില്ല

പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ്/റീടാറിംഗ് വേലകളിൽ ബിറ്റുമിൻ ലഭിക്കുന്ന കാലിബാരലുകൾ തിരികെ വാങ്ങി ലേലം ചെയ്യുകയോ, ബില്ലിൽ നിന്നും വിലയീടാക്കി കാലിബാരലുകൾ കരാറുകാരന് തന്നെ നല്കുകയോ ചെയ്യാം. എന്നാൽ 2021-22 ഏറ്റെടുത്ത പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കി നല്കിയപ്പോൾ കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്റ്റ്/നമ്പർ | കരാറുകാരൻ | ബാരൽ എണ്ണം | ഈടാക്കേണ്ട തുക 281/no. |
|---|---|---|---|---|
| 1 | പൂഞ്ഞാർ കടുപ്പാറ റോഡ്, 161-22 | ബിനുജോർജ് | 30 | 8430 |

| | | | | |
|---|---|---|---|---|
| 2 | മങ്കഴിക്കുന്ന്- പയ്യാനിത്തോട്ടം റോഡ് റീടാറിംഗ് | ബിനുജോർജ് | 3 | 843 |
| ആകെ | | | | 9273/- |

അപാകതയിൽ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ 24/27-12-2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 8430/- രൂപ (ജി.എസ്.ടി. ഉൾപ്പെടെ) ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 ലൈഫ് ഭവന പദ്ധതി- രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചു.

1) പ്രോജക്റ്റ് നം. 222/22
ലൈഫ് ഭവന പദ്ധതി ( ജനറൽ )
അടങ്കൽ- 1186509 രൂപ (സംസ്ഥാനാവിഷ്കൃതം- 100000 + ബ്ലോക്ക് വിഹിതം- 1036509 )
ചെലവ്- 100000 രൂപ (സംസ്ഥാനാവിഷ്കൃതം)
നിർവ്വഹണോദ്യോസ്ഥൻ- വി.ഇ.ഒ

മേൽ പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം അവസാന ഗഡു ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാളുകൾക്ക് ആകെ 400000 രൂപ വീതം അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | നൽകിയ തുക | തീയതി | ബിൽ നം/ ചെക്ക് നം/ തീയതി |
|---|---|---|---|
| ജാനകി തങ്കപ്പൻ, തോട്ടുങ്കൽ, മന്നം | 40000 | 20.10.2018 | |
| | 160000 | 12.2.2019 | |
| | 60000 | 11.3.2019 | |
| | 40000 | 9.7.2019 | |
| | 50000 | 26.8.2020 | |
| | 50000 | 28.9.2021 | ചെക്ക് നം. 005855/28.09.21 |
| ആകെ | 400000 | | |
| മാത്യൂ കെ. റ്റി, കീപ്പാറയിൽ, പാതാമ്പുഴ | 40000 | 22.9.2018 | |
| | 160000 | 12.2.2019 | |
| | 60000 | 11.3.2019 | |
| | 40000 | 9.7.2019 | |
| | 50000 | 23.9.2019 | |
| | 50000 | 28.9.2021 | ചെക്ക് നം. 005855/28.09.21 |
| ആകെ | 400000 | | |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും വീടിന്റെ ഫോട്ടോയും നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രവും ഹാജരാക്കിയിരുന്നില്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 21/26.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ വീടിന്റെ ഫോട്ടോ ഹാജരാക്കി. എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ്

മെമ്പറുടെയും സാക്ഷ്യപത്രം ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ തൻവർഷത്തെ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) ലൈഫ് ഭവന പദ്ധതി (എസ്.സി.പി)

പ്രോജക്ട് നം. 120/22

അടങ്കൽ- 5600000 രൂപ (വികസന ഫണ്ട് പൊതുവിഭാഗം- 9000 + വികസന ഫണ്ട് എസ്.സി.പി- 1051000 + സംസ്ഥാനാവിഷ്കൃതം- 1400000 + ജില്ലാപഞ്ചായത്ത് വിഹിതം- 3140000 )

ചെലവ്- 3980000 രൂപ (വികസന ഫണ്ട് പൊതുവിഭാഗം- 9000 + വികസന ഫണ്ട് എസ്.സി.പി- 1051000 + സംസ്ഥാനാവിഷ്കൃതം- 520000 + ജില്ലാ പഞ്ചായത്ത് വിഹിതം- 2400000 )

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | നൽകിയ തുക | തീയതി | ബിൽ നം/ചെക്ക് നം/ തീയതി |
|---|---|---|---|
| ഷാജിമോൻ കെ. കെ, കുമ്പ്ലാനിക്കൽ, കൈപ്പള്ളി. | 40000 | 17.11.2021 | 3/21-22/ 17.11.2021 |
| | 40000 | 18.12.2021 | 10/21-22/ 18.12.2021 |
| | 40000 | 20.12.21 | ചെക്ക് നം. 005856/20.12.21 |
| | 200000 | 16.3.2022 | 39/21-22 /16.3.2022 |
| | 60000 | 10.5.2022 | |
| | 20000 | 27.5.2022 | |
| ആകെ | 400000 | | |
| സതീഷ് വി. ജി, വെമ്പള്ളിൽ | 40000 | 17.11.2021 | 3/21-22/ 17.11.2021 |
| | 40000 | 18.12.2021 | 10/21-22/ 18.12.2021 |
| | 40000 | 20.12.21 | ചെക്ക് നം. 005856/20.12.21 |
| | 200000 | 16.3.2022 | 39/21-22 /16.3.2022 |
| ആകെ | 320000 | | |
| ഷിനു കെ, കാഞ്ഞിരത്തിൽ | 40000 | 17.11.2021 | 3/21-22/ 17.11.2021 |
| | 40000 | 18.12.2021 | 10/21-22/ 18.12.2021 |
| | 40000 | 20.12.21 | ചെക്ക് നം. 005856/20.12.21 |
| | 200000 | 16.3.2022 | 39/21-22 /16.3.2022 |
| | 60000 | 10.5.2022 | |
| | 20000 | 27.5.2022 | |
| ആകെ | 400000 | | |
| ബിൻസ് കെ. വി, | 40000 | 17.11.2021 | 3/21-22/ 17.11.2021 |

| | | | |
|---|---|---|---|
| | | | |
| കൊട്ടാരംപറമ്പിൽ | 40000 | 18.12.2021 | 10/21-22/ 18.12.2021 |
| | 40000 | 20.12.21 | ചെക്ക് നം. 005856/20.12.21 |
| | 200000 | 16.3.2022 | 39/21-22 /16.3.2022 |
| | 60000 | 10.5.2022 | |
| | 20000 | 27.6.2022 | |
| ആകെ | 400000 | | |
| വിജയൻ, കെ. എൻ, കൊട്ടാരംപറമ്പിൽ | 40000 | 17.11.2021 | 3/21-22/ 17.11.2021 |
| | 40000 | 18.12.2021 | 10/21-22/ 18.12.2021 |
| | 40000 | 20.12.21 | ചെക്ക് നം. 005856/20.12.21 |
| | 200000 | 16.3.2022 | 39/21-22 /16.3.2022 |
| | 60000 | 10.5.2022 | |
| | 20000 | 24.5.2022 | |
| ആകെ | 400000 | | |
| കമലാക്ഷി, പൊങ്ങലയിൽ | 40000 | 17.11.2021 | 3/21-22/ 17.11.2021 |
| | 40000 | 14.3.2022 | 38/21-22/ 14.3.2022 |
| | 40000 | 15.3.2022 | ചെക്ക് നം. 010111/15.3.2022 |
| ആകെ | 120000 | | |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രം ഹാജരാക്കിയിരുന്നില്ല. ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചത് ലൈഫ് ഭവനനിർമ്മാണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/26.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 3, 4, 5 എന്നീ ഗുണഭോക്താക്കൾ 2022-23 വർഷം ഭവനനിർമ്മാണം പൂർത്തിയാക്കിയതായി അറിയിച്ചു. നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രങ്ങൾ ഫയലിൽ ഇടുന്നതാണ് എന്നും അറിയിച്ചു. സതീഷ് വി. ജി, കമലാക്ഷി എന്നീ ഗുണഭോക്താക്കൾ സമയബന്ധിതമായി പണികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നൽകിയ തുക തിരിച്ച് പിടിക്കുന്നതിന് 29.11.22 ലെ 4(1)-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ മേൽ 6 ഗുണഭോക്താക്കൾക്കായി തൻവർഷം അനുവദിച്ച 17,20,000 (320000 + 320000 + 320000 + 320000 + 320000 + 120000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| ജയകുമാർ ജി, ജയന്തിഭവൻ, കുന്നോന്നി | 40000 | 27.10.2020 | വികസന ഫണ്ട് |
| | 100000 | 10.11.2020 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 20000 | 29.3.2021 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | 160000 | | |
| വിലാഷ് വിജയൻ, ചാലകുന്നത്ത്, കുന്നോന്നി | 40000 | 27.10.2020 | വികസന ഫണ്ട് |
| | 100000 | 10.11.2020 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 20000 | 29.3.2021 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | 160000 | | |
| ശശി നിരപ്പേൽ, ചോലത്തടം | 40000 | 9.3.2021 | വികസന ഫണ്ട് |
| | 100000 | 22.3.2021 | വികസന ഫണ്ട് |
| ആകെ | 140000 | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 20/26.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 29.11.22 ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചു. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

1-34 ലൈഫ് ഭവന പദ്ധതി (ST)- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം. 5260000 രൂപ
ചെലവ്- 1980000 രൂപ

ലൈഫ് ഭവന പദ്ധതി എസ്.റ്റി വിഭാഗത്തിന്റെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 40000 രൂപ വീതം മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | ഫണ്ടിനം |
|---|---|---|---|
| രേഖ വി. ആർ, വട്ടുകുളത്തിൽ, ചോലത്തടം. | 19000 | 30/21-22/ 23.2.2022 | വികസന ഫണ്ട് ടി.എസ്.പി |
| രേഖ വി. ആർ, വട്ടുകുളത്തിൽ, ചോലത്തടം. | 21000 | 31/21-22/ 23.2.2022 | വികസന ഫണ്ട് ജനറൽ |
| ശേഖരൻ വി.എ, വേലിക്കൽ, ചോലത്തടം | 40000 | 30/21-22/ 23.2.2022 | വികസന ഫണ്ട് ടി.എസ്.പി |
| ആകെ | 80000 | | |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 19/26.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി രേഖ വി.ആർ. എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ആരംഭിച്ചപ്പോൾ മണ്ണിടിയുന്നത് മൂലം തുടർ പ്രവൃത്തികൾ നടത്തുവാൻ സാധ്യമല്ല എന്ന് അറിയിച്ചിട്ടുള്ളതായും മുൻകൂർ കൈപ്പറ്റിയ തുക തിരികെ അടയ്ക്കുന്നതിന് സമ്മതിച്ചിട്ടുള്ളതായും അറിയിച്ചു. ശ്രീ ശേഖരൻ വി.എ. എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളതായും തുടർ പ്രവൃത്തികൾ ഈ വർഷം തന്നെ നടത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അല്ലാത്ത പക്ഷം തുക തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 29.11.22 ലെ 4(1) നമ്പർ തീരുമാനപ്രകാരം നിർവ്വഹണോദ്യോസ്ഥനായ വി.ഇ.ഒ. യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. മുൻകൂർ കൈപ്പറ്റിയ തുക തിരികെ അടയ്ക്കുന്നതിന് സമ്മതിച്ചിട്ടുള്ള രേഖ വി.ആർ. എന്ന ഗുണഭോക്താവിൽ നിന്നും 40000 രൂപ തിരികെ ഈടാക്കേണ്ടതാണ്. ശ്രീ ശേഖരൻ വി. എ. എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നത് വരെ ടി രണ്ട് ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയ 80000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ചെലവ് തുക | തുക നൽകിയ വിവരം | തുക നൽകിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 270/22 അടിവാരം കുന്നാട് ഭാഗത്ത് കുഴൽകിണർ നിർമ്മാണം | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | വൗച്ചർ നം. XVFC/21-22/ P/32/22.03.22 | ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസ്. |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/24.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ വിനിയോഗവിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കുന്നത് വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 മെഡിക്കൽ ഓഫീസർ (അലോപ്പതി)വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2021-22 വർഷം മെഡിക്കൽ ഓഫീസർ (അലോപ്പതി) ചെലവ് നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി വിവരം | ചെലവ് വിവരം | തുക |
|---|---|---|---|
| 1 | പ്രോജക്ട് നം 152/22പൂഞ്ഞാർ പി.എച്ച്.സി എഫ്.എച്ച്.സി ആക്കുന്നതിനായി ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ - എൻ.എച്ച് എംന് ഡെപ്പോസിറ്റ് ചെയ്യൽ | ബിൽ നം. 2/21-22 തീയതി 12.05.21 ജില്ലാ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ 626701034909 നം അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു | 851500/- |
| | ആകെ | | 851500/- |

വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 8,51,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്താതിരിക്കുന്നതിന് വിനിയോഗസാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കണമെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം. 5/23.12.22) മറുപടി ലഭ്യമാക്കിയില്ല. 8,51,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് കരാറുകാരന് 3128/- രൂപ അധികം നല്കി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ചേരിമല-നെടുമ്പാറ റോഡ് സംരക്ഷണഭിത്തി, 64/22 |

| | |
|---|---|
| കരാറുകാരൻ | ബിനജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000/-, മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 224519/- |
| ബിൽ നം /തീയതി | 19/29-10-2021 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 1 ആയി ചെയ്തിട്ടുള്ളത് 137.55 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1 ചതുരശ്ര മീറ്ററിന് ചെലവ്

| ഇനം | തുക |
|---|---|
| അടിസ്ഥാന നിരക്ക് | 274.83 |
| 25% ടെണ്ടർ കുറവ് | 68.70 |
| ആകെ | 203.13 |
| 12% ജി എസ് റ്റി | 24.37 |
| 1ഘനമീറ്ററിന് | 227.50 |

അധികച്ചെലവ്

| | |
|---|---|
| 137.55ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് നല്കിയ തുക@227.50 | 31292.62 |
| 10% കിഴിച്ച് 123.80 ഘന മീറ്ററിന് നല്കാവുന്ന തുക @ 227.50 | 28164.50 |
| അധികം നല്കിയത് | 3128.12 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/27-12-2022) മറുപടി നല്കിയിട്ടില്ല. ഡൽഹി ഷെഡ്യൂൾ ഓഫ് സ്പെസിഫിക്കേഷൻ 2009, 1-27-1-2 പാലിക്കാത്തതു മൂലം അധികം നല്കിയ 3128/- രൂപ ഉത്തരവാദികളായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-2 തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | മുക്കുഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം, 221/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്), 301000/- |
| ചെലവ് | 299269/- |
| ബിൽ നം /തീയതി | 87/31-3-22 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇനം 2 ആയി ചെയ്തിട്ടുള്ളത് 176.976 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അപാകത അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

<u>1 ചതുരശ്ര മീറ്ററിന് ചെലവ്</u>

| ഇനം | തുക |
|---|---|
| അടിസ്ഥാന നിരക്ക് | 429.31 |
| 9.5% ടെണ്ടർ എക്സസ് | 40.78 |
| ആകെ | 470.09 |
| 12% ജി എസ് റ്റി | 56.41 |
| 1ഘനമീറ്ററിന് | 526.50 |

<u>അധികച്ചെലവ്</u>

| | |
|---|---|
| 176.976 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറസ്സായ സ്ഥലത്തുള്ള മണ്ണ്ഫില്ലിംഗ് നല്കിയ തുക@526.50 | 93177.86 |
| 10% കിഴിച്ച് 159.28 ഘന മീറ്ററിന് നല്കാവുന്ന തുക @ 526.50 | 83860.92 |
| അധികം നല്കിയത് | 9316.94 |

ഈ പ്രവൃത്തിയുടെ ഡാറ്റാ പരിശോധിച്ചതിൽ വീതി കുറഞ്ഞ സ്ഥലങ്ങളിൽ ഫില്ലിംഗിന് ഉള്ള നിരക്കാണ് നല്കിയിട്ടുള്ളത് (In Trenches, Plinth, Sides Of Foundation Etc.). ഇതിന് അപ്രൂവ്ഡ് ഡാറ്റാ 50-2-25-1 പ്രകാരം ഘന മീറ്ററിന് 526.50 രൂപ നിരക്കിൽ 83860.92 രൂപ നല്കിയിട്ടുണ്ട് (ജി എസ് റ്റി ഉൾപ്പെടെ). അളവ്പുസ്തകം പരിശോധിച്ചതിൽ 27.2 മീ നീളം 4 മുതൽ 5.5 മീ വരെ വീതിയിൽ 0.8 മീ മുതൽ 1.9 മീ വരെ ഉയരത്തിലുള്ള ഉറസ്സായ സ്ഥലത്തെ ഫില്ലിംഗാണ് നടന്നിട്ടുള്ളത് ഇതിന് നല്കാവുന്നത് 50-2-26-1 പ്രകാരമുള്ള ഉറസ്സായ സ്ഥലത്തുള്ള മണ്ണ്ഫില്ലിംഗ് പ്രവൃത്തിക്കുള്ള നിരക്കാണ്. തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപ്രൂവ്ഡ് ഡാറ്റാ 50-2-25-1 പ്രകാരം ഘന മീറ്ററിന് 526.50രൂപ നിരക്കിൽ 159.28 ഘന മീ നല്കിയ തുക | 83860.92 |
| അപ്രൂവ്ഡ് ഡാറ്റാ 50-2-26-1 പ്രകാരം ഘന മീറ്ററിന് 274.83രൂപ നിരക്കിൽ 159.28 ഘന മീ നല്കാവുന്ന തുക (അടിസ്ഥാന നിരക്ക് 199.25x1.3793=274.83)+9.5% ടെണ്ടർ അധികം + 12% ജി എസ് റ്റി = (274.83+26.10=300.93+36.11=337.04 | 53683.73 |

| | |
|---|---|
| അധികച്ചെലവ് | 30177.19 |

അധിക അളവ് രേഖപ്പെടുത്തി 9317/- രൂപയും അധിക നിരക്ക് നല്കി 30177/- രൂപയും ഉൾപ്പെടെ 39494/- രൂപ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/23-12-2022) മറുപടിയായി സ്ഥലത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചാണ് കൂടിയ നിരക്ക് നല്കിയതെന്ന് അറിയിച്ചു. റോഡ് മണ്ണിട്ടുയർത്തുന്ന പ്രവൃത്തി ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ 9317/- രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 30177/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-3 കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം - മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | കപ്പലങ്ങാട് പെരുവേലിൽ മുതുകോര റോഡ് നിർമ്മാണം, 272/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | വികസനഫണ്ട് (പൊതു വിഭാഗം), 100000/- |
| ചെലവ് | 99236/- |
| ബിൽ നം /തീ | 87/31-3-22 |

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 1 ആയി ചെയ്തിട്ടുള്ളത് 94.35 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി എസ് ആർ സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷന് 10% (In Fills Consolidated By Light Mechanical Machinery) കുറവ് വരുത്തി തുക നല്കിയാൽ മതി. മേൽ പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അപാകത നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുണ്ട്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 94.35 ഘന മീറ്ററിന് ബിൽ തയ്യാറാക്കി നല്കിയ തുക @ 580.75+12% ജി എസ് റ്റി=650.44 | 61362.40 |
| 10% കിഴിച്ച് 84.915 ഘന മീറ്ററിന് നല്കാവുന്ന തുക @ 580.75+12% ജി എസ് റ്റി=650.44 | 55232.10 |
| അധികം നല്കിയത് | 6130.20 |

മേൽ പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി 1 ഘനമീറ്ററിന് 650.44 രൂപ പ്രകാരം 84.915 ഘന മീറ്ററിന് 55232.10 രൂപ നല്കിയിട്ടുണ്ട് (ജി എസ് റ്റി ഉൾപ്പെടെ). ഡി എസ് ആർ 2018 പ്രകാരം മേൽ പ്രവൃത്തിക്ക് 50.2.26.1 ആയി അംഗീകൃത ഒബ്സർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്ക് ഉണ്ടായിരിക്കെ തദ്ദേശ സ്ഥാപനതലത്തിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കിയതു മൂലം അധിക നിരക്ക് നല്കിയിട്ടുള്ളതായി കാണുന്നു.

| വിശദാംശങ്ങൾ | ഡി എസ് ആർ | തദ്ദേശ സ്ഥാപന തലത്തിൽ |
|---|---|---|

| | | |
|---|---|---|
| | -2018, 50.2.26.1 പ്രകാരം നല്കാവുന്ന തുക | തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റാ പ്രകാരം നല്കിയ നിരക്ക് (Od1728849/2021-22) |
| അടിസ്ഥാന നിരക്ക് | 217.95 | - |
| 36.44 കോസ്റ്റ് ഇൻഡക്സ് | 79.42 | - |
| ആകെ | 297.37/ഘ മീ | 580.75/ഘ മീ |
| 0.01 ടെണ്ടർ കുറവ് | 0.029 | 0.058 |
| നിരക്ക് | 297.34 | 580.69 |
| 12% ജി എസ് റ്റി | 35.68 | 69.68 |
| ആകെ 1 ഘ മീ വരാവുന്ന ചെലവ് | 333.02 | 650.37 |
| 84.915 ഘ മീ വരാവുന്ന ചെലവ് | 28278.39 | 55226.16 |
| അധികച്ചെലവ് 55226.16-28278.39= 26947.77 രൂപ | | |

അധിക അളവ് രേഖപ്പെടുത്തി 6130.20 രൂപയും അധിക നിരക്ക് നല്കി 26947.77 രൂപയും ഉൾപ്പെടെ 33077.77 രൂപ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/23-12-2022) മറുപടിയായി വാഹനങ്ങൾ കയറാൻ ബുദ്ധിമുട്ടുള്ള സ്ഥലമായതിനാലാണ് അധിക നിരക്ക് ഉൾപ്പെടുത്തിയത് എന്ന് മറുപടി നല്കി. കൂടാതെ കടത്ത് കൂലിയായി കൂടുതൽ ചെലവ് വരും എന്നത് കൂടി പരിഗണിച്ചാണ് കൂടിയ നിരക്ക് നല്കിയതെന്ന് അറിയിച്ചു. എന്നാൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റായിൽ മാർക്കറ്റ് റേറ്റ് എന്ന നിലയിൽ 500/- രൂപയോടൊപ്പം CPOH നല്കുകയാണ് ചെയ്തിട്ടുള്ളത്. അപ്രൂവ്ഡ് ഡാറ്റാ നിലവിലുള്ളപ്പോൾ മാർക്കറ്റ് നിരക്ക് അനുവദനീയമല്ലാത്തതിനാലും മറുപടിയെ സാധൂകരിക്കുന്ന തെളിവുകൾ ഫയലിൽ ലഭ്യമല്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 6130/- രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 26948/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തി സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-4 കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബില്ല് പ്രകാരമുള്ള തുക നല്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

| | |
|---|---|
| പ്രോജക്ട് / പ്രോജക്ട് നമ്പർ | കുടമുരുട്ടി കുഴൽ കിണർ-പമ്പ്ഹൗസ് വാട്ടർടാങ്ക്, മോട്ടോർ അനുബന്ധസൗകര്യങ്ങൾ, 208/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )-300000/- |

| | |
|---|---|
| ചെലവ് | 299919/- |
| വൗച്ചർ നം /തീ | XVFC/2021-22/P/59 തീ30-3-2022 |

18-2-2022 ൽ 85684/21-22 നമ്പരായി സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ട് എസ്റ്റിമേറ്റ് ഇനം 22 പ്രകാരം ചെയ്യേണ്ടിയിരുന്നത് 2 HP സബ്മേഴ്സിബിൾ മോട്ടോർ കുഴൽ കിണറ്റിൽ സ്ഥാപിക്കുകയായിരുന്നു. തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കിയ ഡാറ്റാ പ്രകാരം മോട്ടോർ, കേബിൾ, കയർ, പാനൽ ബോർഡ് അടക്കം 17422.50 രൂപയാണ് വകയിരുത്തി അംഗീകാരം ലഭിച്ചിരുന്നത്. ഡി എസ് ആർ 2018 നിരക്കിനോടൊപ്പം 36.44% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയ നിരക്കിൽ നിന്നും 0.01% ടെണ്ടർ കുറവ് രേഖപ്പെടുത്തിയാണ് ബിനു ജോർജ് കരാറെടുത്തത് (കരാർ നം. 81/AE/LSGD/ 21-22തീയതി 3-3-22). പ്രവൃത്തികൾ 25-3-22ൽ പൂർത്തിയാക്കി 28-3-22ൽ ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടുണ്ട്.

കരാറുകാരൻ 30-3-2022 ൽ 25100/- രൂപയുടെ ബില്ല് ഹാജരാക്കിയതിനെ തുടർന്ന് (മോട്ടോർ, വയർ ഹോസ് ഹോൾഡർ) ഇതേ തീയതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആദ്യ എസ്റ്റിമേറ്റിലെ ഇനം 22 ഒഴിവാക്കി പുതുക്കിയ എസ്റ്റിമേറ്റിൽ ഇതേ പ്രവൃത്തി ലംപ് സം പ്രൊവിഷനായി ഉൾപ്പെടുത്തി 25000/- രൂപ വകയിരുത്തുകയും തുക കരാറുകാരന് നല്കുകയും ചെയ്തു. കരാർ പ്രകാരം ഏറ്റെടുത്ത എസ്റ്റിമേറ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടെന്നിരിക്കെ അധിക പ്രവൃത്തിക്കോ പുതിയ പ്രവൃത്തിക്കോ അല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് അധിക തുക നല്കിയതായി കാണുന്നു. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഹാരാക്കിയ ബില്ലിന് കരാറുകാരന് നല്കിയ തുക | കരാർ വ്യവസ്ഥ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ നല്കാവുന്ന തുക | അധികം നല്കിയത് |
|---|---|---|---|
| എസ്റ്റിമേറ്റിലെ തുക | 25000.00 | 17422.50 | 7577.50 |
| ജി എസ് റ്റി (12%) | 3000.00 | 2090.70 | 909.30 |
| ആകെ | 28000.00 | 19513.20 | 8486.80 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/23-12-2022) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 8487/- രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തി സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 കോൺഫറൻസ് ഹാൾ നവീകരണം മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം, 151/22 |
| കരാറുകാരൻ | ബിനു ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | RGSA ഗ്രാന്റ് , 400000/- |

| | |
|---|---|
| ചെലവ് | 399897/- + (ടെണ്ടർ എക്സസ് 9.5%)<br>ആകെ 437887/- |
| വൗച്ചർ നം /തീയതി | 22101054/31-3-22 |

ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണത്തിനായി KLGSDP ഗ്രാന്റ് 4 ലക്ഷം രൂപ വകയിരുത്തി ഡി എസ് ആർ 2016 നൊപ്പം 37.93% കോസ്റ്റ് ഇൻഡക്സ് നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയിരുന്നു. ഇതിൽ 2.5 ലക്ഷം രൂപ ലംപ് സം ആയി വകയിരുത്തിയിരുന്നത് 3 AC വാങ്ങുന്നതിനാണ്. 28-10-2021 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി 22-03-2022 ൽ പൂർത്തിയാക്കിയിട്ടുണ്ട്. നിർവ്വഹണ സമയത്ത് പല ഇനങ്ങൾക്കും കരാറുകാരൻ ഹാജരാക്കിയ പർച്ചേസ് ബിൽ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. ഈ ഇനങ്ങൾക്ക് 25-3-22 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തു എങ്കിലും പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിലും ലംപ് സം പ്രൊവിഷൻ ആണ് നല്കിയത്. എസ്റ്റിമേറ്റിനേക്കാൾ 9.5% ഉയർന്ന നിരക്കിലാണ് ബിനു ജോർജ് കരാറെടുത്തത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ പ്രകാരം നല്കിയ തുകയുടെ വിവരം | |
|---|---|
| എക്സ്ട്രാ ഇനം ലാഡർ 1 എണ്ണം | 5231.00 |
| വാട്ടർ പ്യൂരിഫയർ 1 എണ്ണം | 16190.00 |
| 2 ടൺ AC 3 എണ്ണം 54600*3 | 163800.00 |
| സ്റ്റെബിലൈസർ 3 എണ്ണം | 8400.00 |
| ഇലക്ട്രിക്കൽ ഐറ്റംസ് | 6600.00 |
| ആകെ | 200221.00 |
| ടെണ്ടർ എക്സസ് 9.5% | 19021.00 |
| ആകെ | 219242.00 |
| ജി എസ് റ്റി 12% | 26309.00 |

2012 ലെ പൊതുമരാമത്ത് മാന്വൽ 1601.1.2 പ്രകാരം ലംപ് സം പ്രൊവിഷൻ കഴിയുന്നത്ര ചെറിയ ഇനങ്ങൾക്കായി പരിമിതപ്പെടുത്തേണ്ടതും ആയത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ 5% ൽ കൂടാൻ പാടില്ലാത്തതുമാണ്. കൂടാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വിശദാംശങ്ങൾ മുൻകൂട്ടിക്കാണാൻ കഴിയാത്തവയ്ക്കും പിന്നീട് ലഭ്യമാകും എന്നുള്ളവയ്ക്കും ലംപ് സം പ്രൊവിഷൻ വെക്കാമെങ്കിലും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ ഭാഗമാക്കണം. പ്രധാന പ്രവൃത്തി ചെയ്യുന്ന കരാറുകാരനെ തന്നെ വർക്കിംഗ് എസ്റ്റിമേറ്റിലെ പ്രവൃത്തി ഏൽപ്പിച്ചാൽ എസ്റ്റിമേറ്റിലെ അംഗീകരിച്ചനിരക്ക് കരാറുകാരന് നല്കണം. എക്സ്ട്രാ ഇനങ്ങൾക്ക് തയ്യാറാക്കിയ നിരക്കും നല്കണം. നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ആകെ അടങ്കലിന്റെ പകുതിയോളം ലംപ് സം പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങിയില്ല. പ്രവൃത്തി പൂർത്തിയായതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പൊതുമരാമത്ത് മാന്വൽ 1601.1.6 പ്രകാരം കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ആവശ്യമെന്ന് കണ്ടാൽ പ്രവൃത്തി പൂർത്തീകരണം വരെയോ, അഡ്വാൻസ്ഡ് സ്റ്റേജ് വരെയോ കാത്തിരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങണം.
- ലംപ് സം പ്രൊവിഷനിൽ ഉൾപ്പെട്ടത് ഇലക്ട്രിക്ക് പ്രവൃത്തി ആയതിനാൽ DLTC ഡി എസ് ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുകയും അവരുടെ സൂപ്പർവിഷനിൽ പ്രവൃത്തി നടത്തുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്.
- മാർക്കറ്റ് റേറ്റ്, ഡി എസ് ആർ റേറ്റ് + 10%, ക്വാട്ടഡ് റേറ്റ് ഏതാണോ കുറവ് ആയത് മാത്രമാണ്

16-9-21 ലെ 1778/2021 ത സ്വ ഭ വ ഉത്തരവ് പ്രകാരം നല്കാൻ കഴിയുക. കരാറുകാരൻ മാർക്കറ്റ് റേറ്റിലുള്ള ബില്ല് ഹാജരാക്കിയതിനാലും, ഡി എസ് ആർ നിരക്ക് കണക്കിലെടുക്കാത്തതിനാലും, ഇനത്തിന് കരാറുകാരൻ നിരക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും 19021.00 രൂപ ടെണ്ടർ എക്സസ് നല്കിയത് അംഗീകരിക്കാൻ കഴിയില്ല.

- മേൽ പറഞ്ഞ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടി ക്രമം പാലിക്കാത്തതിനാലും വയറിംഗ് പ്രവൃത്തികൾ അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാലും ബില്ല് പ്രകാരമുള്ള ചെലവ് വാങ്ങലായി (പർച്ചേസ് ) മാത്രമേ കണക്കാക്കാൻ കഴിയൂ. ഇത്തരം വാങ്ങലുകളിൽ ജി എസ് റ്റി 12% കരാറുകാരന് കൂട്ടി നല്കാൻ കഴിയാത്തതിനാൽ 26309.00 രൂപ കരാറുകാരന് ജി എസ് റ്റി ഇനത്തിൽ നല്കിയത് അംഗീകരിക്കാൻ കഴിയില്ല.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/23-12-2022) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നല്കിയ 45330/- രൂപ (19021+26309) അളവ് രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തി അംഗീകാരം നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിലൂടെ പഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 23.12.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 174000 | സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്ഡിഡി (പ്രൊജക്ട് നം 126/22) | 174000 | 0 |
| | 100000 | പാലിയേറ്റിവ് പരിചരണം പഞ്ചായത്ത് വിഹിതം നൽകൽ (പ്രൊജക്ട് നം.140/22) | 100000 | 0 |
| | 100000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നം. 103/22) | 100000 | 0 |

| | | | | |
|---|---|---|---|---|
| | 22000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നം. 155/22) | 22000 | 0 |
| | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 74/22) | 150000 | 0 |
| | 20000 | ജനകീയ ഹോട്ടൽ പ്രവർത്തന ചിലവ് നൽകൽ (പ്രൊജക്ട് നം. 113/22) | 20000 | 0 |
| ആകെ | 566000 | | 566000 | 0 |
| ജില്ലാപഞ്ചായത്ത് | 1180000 | ലൈഫ് ഭവന നിർമ്മാണം - എസ്.ടി ( പ്രൊജക്ട് നം. 129/22) | 1180000 | 0 |
| | 2400000 | ലൈഫ് ഭവന നിർമ്മാണം - എസ് സി ( പ്രൊജക്ട് നം. 120/22) | 2400000 | 0 |
| | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നം. 103/22) | 200000 | 0 |
| | 1000000 | പൂഞ്ഞാർ കട്ടപ്പാറ റോഡ് റീടാറിങ് ( പ്രൊജക്ട് നം. 161/22) | 1000000 | 0 |
| | 787440 | കടലാടിമറ്റം തൊട്ടിപ്പാറ പാതാമ്പുഴ റോഡ് കോൺക്രീറ്റിംഗ് ( പ്രൊജക്ട് നം. 177/22) | 787440 | 0 |
| ആകെ | 5567440 | | 5567440 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|

| | | തുക | | തുക |
|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (184/22) | 959812 | 959812 | 0 |
| ഭൂജല വകുപ്പ് | വാർഡ് 4 അടിവാരം കുന്നാട് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം (270/22) | 100000 | 0 | 100000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 9136000 | 0 | 792000 | - | 8344000 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | - |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല .

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 80496316 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71005657 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,29,517 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,51,500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1564 | ദയ പുരുഷോത്തമൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 1564 | ബേസിൽ മാത്യൂ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 4658.50 | ദയ പുരുഷോത്തമൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 4658.50 | ബേസിൽ മാത്യൂ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 15088.50 | ദയ പുരുഷോത്തമൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 15088.50 | ബേസിൽ മാത്യൂ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 3065.00 | വിബിൻ എസ്, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| | | 3065.00 | ബേസിൽ മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 13474.00 | വിബിൻ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 13474.00 | ബേസിൽ മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 4243.50 | വിബിൻ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 4243.50 | ബേസിൽ മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 22665.00 | വിബിൻ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 22665.00 | ബേസിൽ മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 1,29,517 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 17,20,000 | ശ്രീമതി ദീപ ജോർജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-34 | 80,000 | ശ്രീമതി ദീപ ജോർജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-35 | 1,00,000 | ശ്രീ.രാജീവ് ആർ., സെക്രട്ടറി |
| 1-36 | 8,51,500 | ഡോ.ഷാജു സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ (FHC) |
| ആകെ | 27,51,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബേസിൽ മാത്യു<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | അസിസ്റ്റന്റ് എക്സിക്യട്ടീവ് എഞ്ചിനീയർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | പാലാപ്പിള്ളിൽ, കറുകണ്ടം പി.ഒ., കോതമംഗലം<br>പിൻ - 686691 |
| വിബിൻ എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | -- | തെക്കേ വട്ടവിള<br>കടയറ പുത്തൻവീട്,<br>പാറശ്ശാല-695502 |
| ദയ പുരുഷോത്തമൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | ചിറ്റേപ്പള്ളിൽ ഹൗസ്, ബ്രഹ്മമംഗലം പി.ഒ., കോട്ടയം-686605 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00,2000-01, 2001-02 | എൽ.എഫ്.കെ.പി7/910/03/ 11.05.04 | - |
| 2003-04 (ചെലവ് ) | കെ.എസ്.എ-കെ.ടി.എം-പി.14 (അദാ2018)/206(4), 28.02.2018 | 01 |
| 2006-07 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022) 1864(2)/22, 25.08.2022 | 02 |
| 2008-09 | കെ.എസ്.എ-കെ.ടി.എം-പി2/ 1311/13, 24.10.2013 | 06 |
| 2010-11 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/ 1864(4)/22, 25.08.2022 | 03 |

| | | |
|---|---|---|
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/ 1864(6)/22, 25.08.2022 | 01 |
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1342/22, 25.08.2022 | 02 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി14. 303/19, 04.10.2019 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1343/22, 25.08.2022 | 08 |
| 2019-20 | കെ.എസ്.എ-കെ.ടി.എം-പി.14/ 1290/21, 02.06.21 | 10 |
| 2020-21 | കെ.എസ്.എ-കെ.ടി.എം-പി.14/ 1291/21, 23.07.22 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്